# Malayala Manorma
# 30 August 2018
# Those who put up With the Tragedy



മെർമ്റസ്ക്യൂ എന്ന ആപ് വികസിപ്പിച്ചെടുത്ത ഐവിൻ ആന്റണി, അരുൺ സുഗതൻ, ആർ. ഗോപികൃഷ്ണൻ, വിപിൻ ഉണ്ണിത്താൻ എന്നിവർ

## ദുരന്തത്തിന് 'ആപ്' വച്ചവർ

**മെർമ്റസ്ക്യൂ എന്ന ആപ് വികസിപ്പിച്ച് പ്രളയദിനത്തിൽ ആളുകളെ രക്ഷിക്കാൻ സർക്കാരിനൊപ്പം കൈകോർത്തു കൊച്ചിയിലെ ഒരുകൂട്ടം യുവാക്കൾ**



**നിഥിൻ സാമുവൽ**

പ്രളയം ഭീതി പരത്തിയ ദിവസങ്ങളിൽ മരണം മുന്നിൽ കണ്ടു നിന്ന ലക്ഷക്കണക്കിനാളുകളെ രക്ഷിച്ചതു ബോട്ടിലും വള്ളത്തിലും ഹെലികോപ്ടറിലും എത്തിയ രക്ഷാപ്രവർത്തകരാണ്. ഇതിനായി കൃത്യസ്ഥലത്ത്, കൃത്യസമയത്തു രക്ഷാപ്രവർത്തകരെ എത്തിച്ചവരും ആദരം അർഹിക്കുന്നുണ്ട്. സദാസമയവും സ്ക്രീനിൽ തോണ്ടിയിരിക്കുന്നുവെന്നു പഴികേട്ട യുവത്വവും സർക്കാർ സംവിധാനങ്ങളോടൊപ്പം രക്ഷാപ്രവർത്തനത്തിൽ കൈകോർത്തു. കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന മെർമർ ടെക്നോളജീസിലെ ഒരു കൂട്ടം യുവാക്കളും രക്ഷാപ്രവർത്തനങ്ങളിൽ വഹിച്ചതു വലിയ പങ്കാണ്. തങ്ങൾ വികസിപ്പിച്ച മെർമ്റസ്ക്യൂ എന്ന ആപ് വഴി അൻപതിനായിരത്തിലധികം ആളുകളുടെ രക്ഷാപ്രവർത്തനം ഏകോപിപ്പിക്കാനായെന്നു മെർമർ ടെക്നോളജീസ് സിഇഒ ആർ. ഗോപീകൃഷ്ണൻ പറയുന്നു.

പ്രളയത്തിൽ കുടുങ്ങിയവർക്ക് ഔദ്യോഗിക സംവിധാനങ്ങളുടെ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാൻ സാധിക്കുന്നില്ല എന്നതാണു രക്ഷാപ്രവർത്തനത്തിൽ ഉണ്ടായ വലിയ വെല്ലുവിളി. ആ സാഹചര്യത്തിലാണ് ആപ് എന്ന ആശയം ഗോപീകൃഷ്ണന്റെയും സഹപ്രവർത്തകരുടെയും തലയിലുദിച്ചത്. കുടുങ്ങിയവരുടെ സ്ഥലവും വിവരങ്ങളും വളരെ എളുപ്പം കൈമാറാവുന്ന വിധമുള്ള ആപ്പായിരുന്നു ഉദ്ദേശ്യം. 16നു തന്നെ മെർമ്റസ്ക്യൂ എന്ന ആപ് വികസിപ്പിച്ചു. സർക്കാർ സംവിധാനങ്ങളുമായി ബന്ധപ്പെട്ട് അംഗീകാരം വാങ്ങി. പൊലീസുമായി ചേർന്നു പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ തീരുമാനിച്ചു.

പ്ലേസ്റ്റോറിൽ നിന്ന് ആപ് ഡൗൺലോഡ് ചെയ്യുന്നവരുടെ ലൊക്കേഷൻ കൃത്യമായി മെർമർ ടെക്നോളജീസിന്റെ അടുത്തെത്തും. കുടുങ്ങിക്കിടക്കുന്ന സ്ഥലത്ത് എത്ര പേരുണ്ട്, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ മാത്രമായിരുന്നു ആപ്പിലേക്ക് നൽകേണ്ടത്. ലഭിക്കുന്ന വിവരങ്ങൾ സ്റ്റേറ്റ് പൊലീസ് ചീഫിന്റെ ഓഫിസിനു കൈമാറും.

ഉറക്കമില്ലാത്ത രാത്രികളുടെയും പകലുകളുടെയും ഫലമായി 20 വരെ 59,671 പേരുടെ പട്ടികയാണു രക്ഷാപ്രവർത്തനത്തിനായി കൈമാറിയത്. ഗോപീകൃഷ്ണനൊപ്പം വിപിൻ ഉണ്ണിത്താൻ, അരുൺ സുഗതൻ, ഐവിൻ ആന്റണി എന്നിവരാണ് ദൗത്യസംഘത്തിലുണ്ടായിരുന്നത്. പ്രവർത്തനം സർക്കാർ ഏജൻസികളുമായി ഏകോപിപ്പിച്ചത് പി.എ. രാജേഷും.